**പതിനാലാം കേരള നിയമസഭ**
**അഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 4745 19.05.2017-ന് മറുപടിയ്ക്ക്**

**പാറശ്ശാല മണ്ഡലത്തിലെ വനം വകുപ്പിന്റെ ഭൂമി**

| **ചോദ്യം** | **മറുപടി** |
|---|---|
| **ശ്രീ. സി.കെ.ഹരീന്ദ്രൻ** | **ശ്രീ. കെ. രാജു**<br>**(ബഹു. വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പ് മന്ത്രി)** |

| | | | |
|---|---|---|---|
| (എ) | പാറശ്ശാല മണ്ഡലത്തിലെ വിവിധ പഞ്ചായത്തുകളിലായി വനം വകുപ്പിന് എത്ര വീതം ഭൂമിയുണ്ടെന്നും അത് നിലവിൽ എന്ത് ആവശ്യത്തിനായാണ് ഉപയോഗിക്കുന്നത് എന്നും പഞ്ചായത്ത് തിരിച്ച് വ്യക്തമാക്കാമോ; | (എ) | പാറശ്ശാല മണ്ഡലത്തിലെ വെള്ളറട പഞ്ചായത്തിൽ ആനപ്പാറ എന്ന സ്ഥലത്ത് തിരുവനന്തപുരം വൈൽഡ് ലൈഫ് ഡിവിഷന് കീഴിൽ 1 1/2 (ഒന്നര) ഏക്കർ സ്ഥലമുണ്ട്. അവിടെ ഒരു കമ്മ്യൂണിറ്റി ഹാളും, ഡോർമിറ്ററിയും നിലവിലുണ്ട്. |
| (ബി) | വനം വകുപ്പിന്റെ ഉടമസ്ഥതയിൽ തരിശായും, ഉപയോഗമില്ലാതെയും കിടക്കുന്ന ഭൂമി ഏതെങ്കിലും തരത്തിൽ ഉപയോഗിക്കുന്നതിന് വനം വകുപ്പിന്റെ ഫണ്ട് ലഭ്യമാണോ; എങ്കിൽ ഏതെല്ലാം തരത്തിലാണെന്ന് ഇനം തിരിച്ച് വ്യക്തമാക്കാമോ? | (ബി) | വനം വകുപ്പിന്റെ ഉടമസ്ഥതയിൽ തരിശായും, ഉപയോഗമില്ലാതെയും കിടക്കുന്ന ഭൂമി ഇക്കോ ടൂറിസവുമായി ബന്ധപ്പെട്ട് പ്രകൃതി പഠനവും, അനുബന്ധ സൗകര്യങ്ങളും ഒരുക്കുന്നതിന് 4406-01-800-91 ഇക്കോ ടൂറിസം എന്ന ബഡ്ജറ്റ് ശീർഷകത്തിൽ 2017-18 സാമ്പത്തിക വർഷത്തിൽ 900 ലക്ഷം രൂപയുടെ ഫണ്ട് ലഭ്യമാണ്. കൂടാതെ കെട്ടിടങ്ങൾ അറ്റകുറ്റ പണിനടത്തി ഉപയോഗ്യമാക്കുന്നതിന് 4406-01-070-97 കെട്ടിടങ്ങൾ എന്ന ബഡ്ജറ്റ് ശീർഷകത്തിൽ 2017-18 സാമ്പത്തിക വർഷത്തിൽ 650 ലക്ഷം രൂപയുടെ ഫണ്ടും ലഭ്യമാണ്. |

**സെക്ഷൻ ഓഫീസർ**